(സി) പ്രസ്തുത സ്ഥാപനത്തിന്റെ വിവിധ വികസന ആവശ്യങ്ങൾ ഉന്നയിച്ച് സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റിൽ മുൻ സർക്കാരിന്റെ കാലത്ത് എനർജി മീറ്ററുകളുടെ നിർമ്മാണം തുടങ്ങിയെങ്കിലും വിജയകരമാകാത്തതിനാൽ നിർത്തിവയ്ക്കേണ്ടിവന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മൂടാടി കെൽട്രോൺ യൂണിറ്റിനെ എൽ.ഇ.ഡി. ലൈറ്റുകൾ നിർമ്മിക്കുന്ന കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനായി നവീകരിക്കുകയുണ്ടായി. എൽ.ഇ.ഡി. ലൈറ്റുകളുടെ നിർമ്മാണത്തിനും ഗുണ പരിശോധനയ്ക്കുമായി മികച്ച യന്ത്രസാമഗ്രികളും മറ്റും മൂടാടി യൂണിറ്റിൽ സ്ഥാപിച്ചു ഈ പദ്ധതിക്കായി സർക്കാർ ഉക അനുവദിച്ചിട്ടില്ല. മൂടാടി യൂണിറ്റിൽ നിന്നുമുള്ള എൽ.ഇ.ഡി. ലൈറ്റുകളുടെ നിർമ്മാണത്തോടെ കൺസ്യൂമർ ഇലക്ട്രോണിക്സ് വിപണിയിൽ കെൽട്രോൺ ശക്തമായ തിരിച്ചുവരവ് നടത്തി.

(സി) നിവേദനത്തിന്മേലുള്ള നടപടികളുടെ ഭാഗമായി മൂടാടി യൂണിറ്റിന്റെ വികസന ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ ശ്രേണിയിലുള്ള എൽ.ഇ.ഡി. ലൈറ്റുകളുടെ (ട്യൂബ് ലൈറ്റുകൾ, ബൾബുകൾ, ഡൗൺ ലൈറ്റുകൾ, ലാൻടേൺ ലൈറ്റ്, സ്ട്രീറ്റ് ലൈറ്റ്) ഉൽപ്പാദനം വർദ്ധിപ്പിക്കാനും രാജ്യമൊട്ടാകെ എൽ.ഇ.ഡി. വിളക്കുകളിലേക്ക് മാറുന്ന സാഹചര്യം കാര്യക്ഷമമായ രീതിയിൽ ഉപയോഗപ്പെടുത്തി ബിസിനസ്സ് വർദ്ധിപ്പിക്കാനും ശ്രമിച്ചുവരുന്നു.

വ്യവസായ ശാലകളുടെ സമീപത്തുള്ളവരുടെ സുരക്ഷ

252 (597) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകട സാദ്ധ്യതയുള്ള വ്യവസായ ശാലകളുടെ സമീപത്തെ സ്കൂൾ കുട്ടികളുടെയും പൊതുജനങ്ങളുടെയും സുരക്ഷയ്ക്കായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇത്തരക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് പ്രത്യേക പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് മുൻകൈ എടുക്കാറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യവസായ മാലിന്യങ്ങൾമൂലം രോഗികളാകുന്നവരെ സഹായിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം രോഗികളെ സഹായിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുമോ ?

ഉത്തരം

(എ) വ്യവസായശാലകൾമൂലമുള്ള മലിനീകരണം നിയന്ത്രിക്കാനുള്ള നടപടികൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സ്വീകരിച്ചുവരുന്നു. വ്യവസായശാലകൾ സ്ഥാപിക്കുന്നതിനുമുമ്പായി മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും സ്ഥാപനാനുമതി കരസ്ഥമാക്കേണ്ടതും പ്രവർത്തിപ്പിക്കുന്നതിന് മുമ്പായി പ്രവർത്തനാനുമതി കരസ്ഥമാക്കേണ്ടതുമാണ്. വ്യവസായശാലകൾക്കുള്ള സ്ഥാപനാനുമതി പരിഗണിക്കുന്ന വേളയിൽ, സ്ഥാപനങ്ങൾ അടുത്ത വീടുകളിൽനിന്നും, അടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ കോടതി/ പൊതു കാര്യാലയം/ ആശുപത്രി/ ആരാധനാലയം/ കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയവയിൽ നിന്നും പാലിക്കേണ്ട കുറഞ്ഞ ദൂരപരിധി നിഷ്കർഷിക്കുന്നതിനോടൊപ്പം ജലം, വായു മലിനീകരണം നിയന്ത്രിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നിഷ്കർഷിക്കുന്നു. ഡി&ഒ ലൈസൻസ് നൽകുന്ന സമയത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ പരിശോധന നടത്തുന്നു. പരാതി ലഭിക്കുന്ന മുറയ്ക്ക് വ്യവസായ വകുപ്പ് പ്രശ്ന പരിഹാരത്തിനായി ഇടപെടുകയും ചെയ്യുന്നു.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടെ സന്നദ്ധ സംഘടനകൾ പരിശോധനാ ക്യാമ്പുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കാറുണ്ട്.

(സി) വ്യവസായ മാലിന്യങ്ങൾമൂലം രോഗികളാകുന്നവരെ സഹായിക്കുന്നതിനായി പ്രത്യേകം പദ്ധതികൾ കമ്പനികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

സ്വകാര്യവൽക്കരണം പൊതുമേഖലയ്ക്ക് ഉണ്ടാക്കിയ കോട്ടം-സമഗ്രപഠനം

253 (T598) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 20 വർഷങ്ങളായി രാജ്യത്ത് നടപ്പിലാക്കിവരുന്ന സ്വകാര്യ വൽക്കരണപ്രക്രിയ തനതായ പൊതുമേഖലാവ്യവസായങ്ങൾക്ക് എന്ത് കോട്ടം ഉണ്ടാക്കി എന്നത് സമഗ്ര പഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly